പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3172 10/12/2018-ൽ മറുപടിക്ക്

ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അഞ്ചു ഡിവിഷനിൽ താഴെയുള്ള സ്കൂളുകളിൽ എച്ച്.എസ്.എ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക വേണ്ട എന്ന നയം തുടരുന്നത് അത്തരം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തെ സാരമായി ബാധിക്കില്ലേ എന്ന് വ്യക്തമാക്കുമോ; | (എ) 2001-02 അദ്ധ്യയന വർഷം വരെ സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചിരുന്നത് മറ്റ് കോർസബ്ജക്റ്റുകളിലെ ഹൈസ്കൂൾ അദ്ധ്യാപകരായിരുന്നു. കോർസബ്ജക്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കുന്ന വ്യവസ്ഥകളിൽ ഉൾപ്പെടുത്തി ആണ് നിലവിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിച്ചുവരുന്നത്. ഇപ്രകാരം അഞ്ചാമത്തെ തസ്തികയാണ് 1:1:1:1 എന്ന കോർസബ്ജക്റ്റ് റേഷ്യോ പ്രകാരം ഇംഗ്ലീഷ് തസ്തിക ലഭ്യമാകുന്നത്. ബിരുദ ബിരുദാനന്തര ട്രെയിനിംഗ് തലങ്ങളിൽ ഇംഗ്ലീഷ് പഠിച്ചവരാണ് പ്രസ്തുത കോർ സബ്ജക്റ്റ് അദ്ധ്യാപകർ എന്ന യാഥാർത്ഥ്യം പരിഗണിക്കുമ്പോൾ അവർ പഠിപ്പിച്ചാൽ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനത്തെ അത് സാരമായി ബാധിക്കാനിടയില്ല. |
| (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്ന ഈ അവസരത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത 350 ഓളം സ്കൂളുകളിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയെങ്കിലും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;<br>(സി) ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളുള്ള സർക്കാർ ഹൈസ്കൂളുകളിൽ പോലും ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (ബി) (സി) ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ച് ഡിവിഷനുകളിൽ കുറവുള്ള വിദ്യാലയങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് കെ.ഇ.ആറിലെ തസ്തിക നിർണ്ണയ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. എന്നാൽ എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്രമായ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്ര ശിക്ഷയും ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ